Government Resolution (Rule 118)

Uncorrected/Not for publication
29-09-2025

## ഗവൺമെന്റ് പ്രമേയം (ചട്ടം118)

### വോട്ടർപട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടിയിൽനിന്നും പിന്തിരിയണമെന്ന ആവശ്യം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നീക്കം ദേശീയ പൗരത്വ രജിസ്റ്ററിന്റെ വളഞ്ഞ വഴിയിലൂടെയുള്ള നടപ്പാക്കലാണെന്ന ആശങ്ക വ്യാപകമാണ്. ബീഹാറിൽ നടന്ന SIR (Special Intensive Revision) പ്രക്രിയ ഇത്തരം ആശങ്കകളെ ശരിവയ്ക്കുന്നതുമാണ്.

പുറന്തള്ളലിന്റെ രാഷ്ട്രീയമാണ് ബീഹാർ വോട്ടർ പട്ടിക പരിഷ്കരണത്തിൽ കാണുന്നത്. വോട്ടർപട്ടികയിൽനിന്നും യുക്തിരഹിതമായ ഒഴിവാക്കലാണ് ബീഹാറിൽ നടന്നത്. അതേ രീതിയാണ് ദേശീയാടിസ്ഥാനത്തിൽ ലക്ഷ്യമിടുന്നത് എന്ന സംശയവും രാജ്യവ്യാപകമായി നിലവിലുണ്ട്.

ബീഹാർ SIR പ്രക്രിയയുടെ ഭരണഘടനാ സാധുത സുപ്രീം

കോടതിയുടെ പരിഗണനയിൽ ഇരിക്കെത്തന്നെ തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ നിൽക്കുന്ന കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽക്കൂടി തിടുക്കപ്പെട്ട് ഇതേ പ്രക്രിയ കൊണ്ടുവരുന്നതിനെ നിഷ്കളങ്കമായി കാണാൻ കഴിയില്ല. ദീർഘകാല തയ്യാറെടുപ്പും കൂടിയാലോചനയും ആവശ്യമായ SIR പോലുള്ള പ്രക്രിയ ഇത്തരത്തിൽ തിടുക്കത്തിൽ നടത്തുന്നത് ജനവിധി അട്ടിമറിക്കാനാണെന്ന ഭയം തിരഞ്ഞെടുപ്പ് കമ്മീഷനെ സംശയത്തിന്റെ നിഴലിലാക്കിയിരിക്കുന്നു. കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്തുതന്നെ നടക്കാനിരിക്കുകയാണ്. അത് കഴിഞ്ഞാലുടൻ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുകയാണ്. ഈ സാഹചര്യത്തിൽ തിടുക്കപ്പെട്ട് SIR നടത്തുന്നത് ദുരുദ്ദേശ്യപരമാണ്. ഇതിനുമുമ്പ് 2002-ലാണ് കേരളത്തിൽ വോട്ടർ പട്ടികയുടെ തീവ്ര പുനഃപരിശോധന നടന്നത്. ഇപ്പോൾ പുനഃപരിശോധന നടത്തുന്നത് 2002 അടിസ്ഥാനമാക്കിയാണെന്നതും അശാസ്ത്രീയമാണ്.

1987-നുശേഷം ജനിച്ചവർ അവരുടെ പിതാവിന്റെയോ മാതാവിന്റെയോ പൗരത്വരേഖകൂടി നൽകിയാലേ വോട്ടറാകൂ എന്ന SIR-ലെ നിബന്ധന നമ്മുടെ പ്രായപൂർത്തി വോട്ടവകാശത്തെ ഹനിക്കുന്ന

തീരുമാനമാണ്. 2003-നുശേഷം ജനിച്ചവർ പിതാവിന്റെയും മാതാവിന്റെയും പൗരത്വരേഖകൾ സമർപ്പിച്ചാൽ മാത്രമേ വോട്ടറാകൂ എന്നും നിഷ്കർഷയുണ്ട്. രേഖകളില്ലാത്തതിന്റെ പേരിൽ വോട്ടർ പട്ടികയിൽനിന്നും ഒഴിവാക്കുന്നത്, ഭരണഘടനയുടെ അനുച്ഛേദം 326 പൗരന്മാർക്ക് ഉറപ്പുനൽകുന്ന സാർവത്രിക വോട്ടവകാശത്തിന്റെ പൂർണമായ ലംഘനമാണ്. സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗങ്ങളിലുള്ളവരാണ് SIR-ലെ ഇത്തരം നിബന്ധനകൾമൂലം വോട്ടവകാശത്തിൽനിന്നും പുറത്താകുകയെന്നാണ് ഈ മേഖലയിലെ വിദഗ്ധരുടെ പഠനങ്ങൾ കാണിക്കുന്നത്. ന്യൂനപക്ഷ സമുദായങ്ങൾ, സ്ത്രീകൾ, ദരിദ്രകുടുംബങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ഇതിൽ ബഹുഭൂരിപക്ഷവും ഉൾപ്പെടുക. വോട്ടർ പട്ടികയിലുള്ള പ്രവാസി വോട്ടർമാരുടെ വോട്ടവകാശം തുടർന്നും നിലനിർത്തേണ്ടതുണ്ട്.

പൗരത്വത്തെ മതാധിഷ്ഠിതമാക്കുന്ന പൗരത്വ ഭേദഗതി നിയമത്തെ പൊടിതട്ടിയെടുക്കാനുള്ള ശ്രമം നടത്തുന്നവർ SIR-നെ ഏതുവിധമാകും ഉപയോഗിക്കുകയെന്നതും ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽനിന്നും

പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് ഈ നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു.” എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന അംഗങ്ങൾക്ക് പ്രമേയത്തിന്മേൽ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, ഏറ്റവും അനുയോജ്യമായ ഈ അവസരത്തിൽ ഇത്തരത്തിൽ ഒരു പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയിലെ "വെല്ലുവിളിയാണ്." എന്ന വാക്കിനുപകരം "മേൽപ്പറഞ്ഞ കാരണങ്ങളാൽ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

2. പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയിലെ "തിരഞ്ഞെടുപ്പ്

കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണം" എന്നീ വാക്കുകൾ ഒഴിവാക്കി "കേരളത്തെ SIR-ൽനിന്ന് പൂർണമായും ഒഴിവാക്കണം" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ പ്രമേയത്തെ ഞാൻ അംഗീകരിക്കുകയാണ്, ഈ പ്രമേയത്തെക്കുറിച്ച് വ്യക്തതയും അതുപോലെ ചില കാര്യങ്ങളിൽ കൃത്യതയും ചില വശങ്ങളിൽ കാര്യങ്ങൾ കൂട്ടിച്ചേർക്കേണ്ടതിന്റെയും ആവശ്യകതയിലേക്കാണ് ചില ഭേദഗതികൾ സൂചിപ്പിക്കുന്നത്. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "വോട്ടർ പട്ടിക" എന്നീ വാക്കുകൾക്ക് മുമ്പ് “ പാർലമെന്റ്, നിയമസഭാ തിരഞ്ഞെടുപ്പുകൾക്കുള്ള" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "തിരഞ്ഞെടുപ്പ് കമ്മീഷന്റെ" എന്നതിനുമുൻപ് "കേന്ദ്ര" എന്ന വാക്ക് കൂട്ടിച്ചേർക്കുക.

3. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ

"വ്യാപകമാണ് " എന്നതിനുശേഷമുള്ളവ ഒഴിവാക്കി പകരം "ബീഹാറിൽ നടന്ന SIR പ്രക്രിയയിൽ നിലവിലുള്ള വോട്ടർ പട്ടികയിൽനിന്നും പുറന്തള്ളപ്പെട്ടത് 65 ലക്ഷത്തിൽപ്പരം വോട്ടർമാരാണെന്നുള്ളത് ജനാധിപത്യ വിശ്വാസികളുടെ ഇത്തരം ആശങ്കകളെ ശരി വയ്ക്കുന്നതുമാണ്." എന്നത് കൂട്ടിച്ചേർക്കുക. ഇതിന്റെ ഭീകരത പ്രകടമാകാൻ 65 ലക്ഷം ആളുകൾ പുറത്തുപോയി എന്നുള്ളത് വരണം.

4. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ ആറാമത്തെ വരിയിൽ "ജനവിധി" എന്നതിനുപകരം "ജനവിധികളെ" എന്നത് കൂട്ടിച്ചേർക്കുക.

5. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ ആറാമത്തെ വരിയിലെ "ഭയം തിരഞ്ഞെടുപ്പ് കമ്മീഷനെ സംശയത്തിന്റെ നിഴലിലാക്കിയിരിക്കുന്നു" എന്നതിനുപകരം "ഭയം വളരെ ശക്തമാണ്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ സംശയത്തിന്റെ നിഴലിലാണ്." എന്നത് ചേർക്കുക.

6. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ എട്ടാമത്തെ വരിയിൽ

"നടക്കാനിരിക്കുകയാണ്. അതു കഴിഞ്ഞാലുടൻ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുകയാണ്." എന്നതിനുപകരം "നടക്കാനിരിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ നടപടിക്രമങ്ങൾ മാസങ്ങൾക്ക് മുൻപ് തന്നെ ആരംഭിച്ചിരിക്കുകയാണ്. വാർഡ് വിഭജനവും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികകളുടെ ക്രമീകരണങ്ങളും മറ്റും നടന്നുവരികയും, തിരഞ്ഞെടുപ്പ് അടുത്ത മാസങ്ങളിൽ നടക്കാനിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ ഇതേ സമയത്ത് തന്നെ SIR നടപടിക്രമങ്ങൾ ആരംഭിക്കുന്നത് ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കുന്നതിന് ഇടയാക്കും. തദ്ദേശ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ കേവലം രണ്ട് മാസക്കാലം മാത്രമാണ് നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുള്ളത്." എന്നത് ചേർക്കുക.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... നിങ്ങൾ എല്ലാത്തിനും ഭേദഗതിയാണ് പറയുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് വായിക്കാനെങ്കിലും അനുവദിക്കു.

Kindly see the Rules of Procedure (Section 124). ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി 15 മിനിറ്റ് വരെ പ്രസംഗിക്കാമെന്ന് അതിൽ പറയുന്നുണ്ട്.

മി. സ്പീക്കർ: അനുമതി നൽകുന്നില്ലല്ലോ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. പക്ഷേ ഇതിന്റെ താൽപര്യം ഒന്ന് മനസ്സിലാക്കേണ്ടതാണ്.

7. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "നിഷ്കർഷയുണ്ട്." എന്നതിനുശേഷം "ഇത് വോട്ടർ പട്ടികയും പൗരത്വ നിയമവുമായി ബന്ധിപ്പിക്കുന്ന നിബന്ധനയാണ്" എന്നത് ചേർക്കുക.

ഈ വോട്ടർ പട്ടിക പരിഷ്കരണം നാഷണൽ പോപ്പുലേഷൻ രജിസ്റ്ററുമായി (എൻ.പി.ആർ.) ബന്ധിപ്പിക്കുന്നുവെന്ന് പ്രമേയത്തിന്റെ ആദ്യഭാഗത്ത് കൃത്യമായി പറയുന്നുണ്ട്. "ഇത് വോട്ടർ പട്ടികയും പൗരത്വ നിയമവുമായി ബന്ധിപ്പിക്കുന്ന നിബന്ധനയാണ്" എന്നു പറയുന്നതിലെ നിബന്ധന എന്താണ്; 1987-വരെ ഇന്ത്യയിൽ ജനിച്ചവരെല്ലാം ഇന്ത്യൻ

പൗരന്മാരാണ്. മാതാപിതാക്കളിലൊരാൾ ഇന്ത്യൻ പൗരനായിരിക്കണമെന്ന പൗരത്വ (ഭേദഗതി) നിയമം 1987-ലാണ് വന്നത്. 2003-ൽ വീണ്ടും പൗരത്വ നിയമത്തിൽ ഭേദഗതി വന്നു, മാതാപിതാക്കളിൽ രണ്ടുപേരും ഇന്ത്യയിൽ ജനിച്ചവരാണെങ്കിൽ അവരുടെ മക്കൾ ഇന്ത്യയിൽ ജനിച്ചാൽ മാത്രമേ പൗരത്വം ലഭിക്കുകയുള്ളൂ. പൗരത്വ നിയമത്തിലെ ആ വകുപ്പുമായി ബന്ധിപ്പിക്കുന്നതാണ് 1987-ലെയും 2003-ലെയും ഭേദഗതികൾ എന്നുള്ളതുകൊണ്ട് അത് സ്പഷ്ടമായിത്തന്നെ പറയണം.

8. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ പത്താമത്തെ വരിയിലെ "ന്യൂനപക്ഷ സമുദായങ്ങൾ" എന്നതിനുശേഷം "പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ" എന്നത് ചേർക്കുക.

ബീഹാറിൽ ഏറ്റവും കൂടുതൽ ഡിലീറ്റ് ചെയ്യപ്പെട്ടുപോയത് മൈനോരിറ്റീസും മുസ്ലീങ്ങളുമാണ്. കൂട്ടത്തിൽ ദളിതരും ആദിവാസി സമൂഹവും വനങ്ങളിൽ താമസിക്കുന്നവരുമുണ്ട്.

9. പ്രമേയത്തിലെ അവസാന വാചകത്തിനു പകരമായി "വോട്ടർ പട്ടിക കൃത്യമായ ഇടവേളകളിൽ സുതാര്യമായി പുതുക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കേരളത്തിൽ അതിർത്തി സംസ്ഥാനങ്ങളിൽ

ഉള്ളതുപോലുള്ള അനധികൃത കുടിയേറ്റങ്ങൾക്ക് സാധ്യതയുമില്ലാത്തതിനാൽ ഈ സംസ്ഥാനത്ത് SIR അപ്രസക്തമാണ്. മേൽവിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് കേരളത്തിൽ SIR നടപ്പിലാക്കാനുള്ള നീക്കത്തിൽ നിന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പിൻമാറണമെന്ന് ഈ നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു." എന്നത് ചേർക്കുക.

നമ്മുടെ സംസ്ഥാനത്ത് എസ്.ഐ.ആർ.-ന്റെ ആവശ്യമില്ല. ഇവിടെ ഏതെങ്കിലും അതിർത്തി രാജ്യങ്ങളിൽനിന്ന് ആരും വന്നുതാമസിക്കുന്നുമില്ല. There is no migration. ഇവിടെ വർഷത്തിൽ നാലുതവണ ബി.എൽ.ഒ.-മാരും ബി.എൽ.എ.-മാരും ചേർന്ന് വോട്ടർ പട്ടിക പുതുക്കുന്നുണ്ട്. അതുകൊണ്ട് മേൽ വിവരിച്ച പഞ്ചായത്ത് തിരഞ്ഞെടുപ്പ്, നിയമസഭാ തിരഞ്ഞെടുപ്പ്..... അതുപോലെ, ഒരുവിധത്തിലുമുള്ള കുടിയേറ്റങ്ങൾ, കടന്നുകയറ്റങ്ങൾ എന്നിവ നടക്കാൻ സാധ്യതയില്ലാത്ത സാഹചര്യങ്ങൾ കണക്കിലെടുത്ത്.......

മി. സ്പീക്കർ: യെസ്....പ്ലീസ്....പ്ലീസ്........ശ്രീ. പി. സി. വിഷ്ണുനാഥ്....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരളത്തിൽ എസ്.ഐ.ആർ. നടപ്പിലാക്കാനുള്ള നീക്കത്തിൽനിന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

(മൈക്ക് ഓഫ്) പിൻമാറണമെന്ന് ഈ നിയമസഭ ഐകകണ്ഠേന ആവശ്യപ്പെടുന്നു........

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പ്രമേയത്തിലെ നാലാമത്തെ ഖണ്ഡിക എസ്.ഐ.ആർ.-മായി ബന്ധപ്പെട്ട അനുബന്ധരേഖകളുമായി ചേർന്നുവരുന്ന ഒരു ഭാഗമാണ്. എസ്.ഐ.ആർ. ബീഹാറിൽ ആരംഭിച്ച സമയത്ത് 11 അനുബന്ധ രേഖകളാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ എസ്.ഐ.ആർ.-മായി ബന്ധപ്പെട്ട് അംഗീകരിച്ചത്. ബീഹാറുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ ഒരു കേസുണ്ടായി. ബഹു. സുപ്രീം കോടതിയുടെ ഏറ്റവും പുതിയ വിധിപ്രകാരം ആധാർ കാർഡ് കൂടി അനുബന്ധരേഖയായി ചേർത്തു. കേരളത്തിൽ എസ്.ഐ.ആർ.-മായി ബന്ധപ്പെട്ട് 12 രേഖകളാണ് ഇലക്ഷൻ കമ്മീഷൻ അനുവദിച്ചിരിക്കുന്നത്. പന്ത്രണ്ടാമത്തേത് ആധാർ കാർഡ് ആണ്. എന്നാൽ ഈ 12 രേഖകളിൽ റേഷൻ കാർഡ് ഇല്ല. റേഷൻ കാർഡുപോലും അനുബന്ധരേഖയായി സ്വീകരിക്കാതെയാണ് എസ്.ഐ.ആർ.-നുവേണ്ടിയുള്ള നടപടിക്രമങ്ങളുടെ കാര്യങ്ങൾ ഇലക്ഷൻ കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രമേയത്തിലെ നാലാമത്തെ ഖണ്ഡിക താഴെപ്പറയുംവിധം ഭേദഗതി

ചെയ്യണം.

1. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ "വോട്ടറാവൂ എന്നും നിഷ്കർഷയുണ്ട്." എന്നതിന് ശേഷം "വോട്ടറാകുന്നതിനായി സമർപ്പിക്കേണ്ട അനുബന്ധരേഖകളിൽ റേഷൻ കാർഡുപോലും ഉൾപ്പെടുത്തിയിട്ടില്ല" എന്നത് ചേർക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഈ സഭയിലെ മുഴുവൻ അംഗങ്ങളുടെയും താൽപര്യമുൾക്കൊള്ളുന്ന ഒരു പ്രമേയമാണ് സഭാനേതാവ് എന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചത്. ബഹുമാന്യനായ മുഖ്യമന്ത്രിയെ ഈയവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഈ പ്രമേയം കൂടുതൽ ഗൗരവവൽക്കരിക്കുന്നതിന് മൂന്ന് ഭേദഗതികളാണ് എനിക്ക് നിർദേശിക്കാനുള്ളത്.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ "വോട്ടർ പട്ടികയിൽനിന്നും യുക്തിരഹിതമായ ഒഴിവാക്കലാണ് ബീഹാറിൽ നടന്നത്." എന്നതിന് പകരം "വോട്ടർ പട്ടികയിൽ നിന്ന് യുക്തിരഹിതവും ജനാധിപത്യത്തെ ധ്വംസിക്കുന്നതുമായ ഒഴിവാക്കലാണ് ബീഹാറിൽ നടന്നത്." എന്നത് ചേർക്കുക.

2. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ "ന്യൂനപക്ഷ സമുദായങ്ങൾ, സ്ത്രീകൾ, ദരിദ്രകുടുംബങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ഇതിൽ ഭൂരിപക്ഷവും ഉൾപ്പെടുക" എന്നതിന് പകരം "പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ, സ്ത്രീകൾ ദരിദ്ര കുടുംബങ്ങൾ, വിദ്യാഭ്യാസത്തിനും ജോലിക്കുംവേണ്ടി താൽക്കാലികമായി സംസ്ഥാനത്തിന് പുറത്ത് പോയിട്ടുള്ള പൗരർ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് പുറത്താക്കുന്നവരിൽ ഉൾപ്പെടുന്ന ബഹുഭൂരിപക്ഷവും എന്നത്" ചേർക്കണം.

3. പ്രമേയത്തിന്റെ അവസാന ഖണ്ഡികയിൽ അവസാനത്തെ വാചകത്തിന് പകരം "മൗലികാവകാശത്തെ ഹനിക്കുന്നതും തിരഞ്ഞെടുപ്പ് പ്രക്രിയയെ അട്ടിമറിക്കുന്നതുമായ ഇത്തരം നടപടികളിൽനിന്ന് പിൻതിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്ന് ഈ നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു." എന്ന വാചകം ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വളരെ അനുയോജ്യമായ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഈ സഭ

ഒട്ടക്കെട്ടായി പിന്താങ്ങുകയാണ്. ഞാനും അതിന്റെ ഭാഗമെന്ന നിലയിൽ പ്രമേയത്തെ പിന്താങ്ങുന്നു. ഈ പ്രമേയം കൂടുതൽ സമഗ്രമാക്കാൻ വേണ്ടി ഞാൻ മൂന്ന് ഭേദഗതികൾ മുന്നോട്ടുവയ്ക്കുകയാണ്.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നവകൂടി ചേർക്കുക.

"പല സംസ്ഥാനങ്ങളിലും ഇതിനകം നടന്ന തിരഞ്ഞെടുപ്പുകളിൽ വോട്ടർ പട്ടികയിൽ ക്രമക്കേട് നടന്നിട്ടുണ്ട് എന്ന കാര്യം ഇന്ന് രാജ്യവ്യാപകമായ ചർച്ചയ്ക്ക് കാരണമാവുകയും അത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.".

2. പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പത്താമത്തെ വരിയിലെ "ന്യൂനപക്ഷ സമുദായങ്ങൾ" എന്നതിനുപകരം "ന്യൂനപക്ഷ പിന്നോക്ക സമുദായങ്ങൾ" എന്ന് ചേർക്കുക.

മറ്റ് അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ന്യൂനപക്ഷങ്ങൾ മാത്രമല്ല ഇതിൽനിന്ന് പുറത്താക്കപ്പെട്ടിട്ടുള്ളത്. ദളിതരും പിന്നോക്ക സമുദായങ്ങളും അതിൽനിന്ന് പുറത്താക്കപ്പെട്ടിട്ടുണ്ട്.

3. പ്രമേയത്തിലെ നിലവിലെ അവസാന ഖണ്ഡികയ്ക്ക് പകരം

ഇനിപ്പറയുന്ന ഖണ്ഡിക ചേർക്കുക:

"പൗരത്വത്തെ മതാധിഷ്ഠിതമാക്കുന്ന പൗരത്വ ഭേദഗതി നിയമത്തെ പൊടിതട്ടിയെടുക്കാനുള്ള ശ്രമം നടത്തുവാൻ എസ്.ഐ.ആർ.-നെ ഏത് വിധമാവും ഉപയോഗിക്കുക എന്നതും ജനാധിപത്യം നേരിടുന്ന വെല്ലുവിളിയാണ്. മൗലികാവകാശത്തെ ഹനിക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഇത്തരം നടപടികളിൽ ഈ നിയമസഭ ഉത്കണ്ഠ രേഖപ്പെടുത്തുകയും ആവശ്യമായ സമയമെടുത്ത് പക്ഷപാതരഹിതവും സുതാര്യവുമായി വോട്ടർ പട്ടിക പുതുക്കൽ നടത്തണമെന്നും ഈ നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു.".

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഈ പ്രമേയത്തെ അംഗീകരിക്കുകയാണ്. ഈ പ്രമേയത്തെ ശക്തിപ്പെടുത്താനുള്ള മൂന്ന് ഭേദഗതികളാണ് ഞാൻ അവതരിപ്പിക്കുന്നത്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംശയത്തിന്റെ നിഴലിലാണെന്നാണ് പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്. യഥാർഥത്തിൽ കേന്ദ്ര ഇലക്ഷൻ കമ്മീഷൻ സംശയത്തിന്റെ നിഴലിലല്ല, വോട്ട് കൊള്ളാക്കാരുടെ കൂടെയാണ്.

സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്ന വാചകങ്ങൾ കൂടി ഉൾപ്പെടുത്തുക.

" നിക്ഷ്പക്ഷവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ് നടത്തുക എന്ന പരമ പ്രധാന ഭരണഘടനാ ധർമ്മം നിർവ്വഹിക്കലാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവാദിത്തം. എന്നാൽ യഥാർത്ഥ വോട്ടർമാരെ ഒഴിവാക്കിയും വ്യാജ വോട്ടുകൾ കൂട്ടിച്ചേർത്തും ചോദ്യങ്ങൾക്ക് മറുപടി പറയാതെയും വോട്ടുകൊള്ള നടത്തി ജനാധിപത്യത്തിന്റെ ജീവവായു ആയ തിരഞ്ഞെടുപ്പിന്റെ സത്യസന്ധത തന്നെ ചോദ്യം ചെയ്യപ്പെട്ടത് നിലവിലെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാലത്താണെന്നത് ഏറെ ഗൗരവതരമാണ്."

2. പ്രമേയത്തിലെ നാലാം ഖണ്ഡികയുടെ ആദ്യഭാഗത്തെ "2003" എന്ന വാക്ക് ഒഴിവാക്കുക.

നാലാം ഖണ്ഡികയിൽ 1987-നുശേഷം ജനിച്ചവരെന്നും 2003-നുശേഷം ജനിച്ചവരെന്നും പറയുന്നുണ്ട്. അത് എസ്.ഐ.ആർ.-ന്റെ ഗൈഡ്‌ലൈനിൽ പറയുന്ന കാര്യമാണ്. അതുകൊണ്ട് "2003" എന്ന വാക്ക് ഒഴിവാക്കാവുന്നതാണ്.

3. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ പത്താമത് വരിയിലെ

"ന്യൂനപക്ഷ സമുദായങ്ങൾ" എന്നതിനുശേഷം "പട്ടിക വർഗ വിഭാഗങ്ങൾ, ദളിതർ" എന്നീ വാക്കുകൾ കൂട്ടിചേർക്കുക.

വയനാട്ടിൽ ബർത്ത് സർട്ടിഫിക്കറ്റ്, ആധാർ, റേഷൻ കാർഡ് തുടങ്ങിയ അവശ്യ സർട്ടിഫിക്കറ്റില്ലാത്ത പതിനെട്ട് ശതമാനത്തോളം ആദിവാസികളുണ്ട്. ഡ്രൈവ് സംഘടിപ്പിച്ചിട്ടുപോലും അത് പൂർത്തിയാക്കാൻ ഒരു പരിധിപോലും സാധിച്ചില്ലല്ലോ; അവരൊക്കെ ഒഴിവാക്കപ്പെടും. അതുകൊണ്ട് പട്ടിക വർഗ വിഭാഗങ്ങൾ, ദളിതർ എന്നതുകൂടി കൂട്ടിച്ചേർക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, ഇന്ത്യയിലെ പ്രത്യേക സാഹചര്യത്തിൽ ഇത്തരമൊരു പ്രമേയം സഭ ഐകകണ്ഠ്യേന കൊണ്ടുവരുന്നത് ശ്രദ്ധേയമായൊരു കാര്യമാണ്. ഇതിൽ പ്രധാനമായും അഞ്ച് നിർദേശങ്ങളാണ് എനിക്ക് സമർപ്പിക്കാനുള്ളത്.

1. പ്രമേയത്തിലെ ആദ്യത്തെ ഖണ്ഡികയിലെ "വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നീക്കം ദേശീയ പൗരത്വ രജിസ്റ്ററിന്റെ വളഞ്ഞ വഴിയിലൂടെയുള്ള നടപ്പാക്കലാണെന്ന ആശങ്ക വ്യാപകമാണ്." എന്നതിനുപകരം "വോട്ടർ

പട്ടിക പ്രത്യേക തീവ്ര പരിശോധനയ്ക്ക് വിധേയമാക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷൻ, ദേശീയ പൗരത്വ രജിസ്റ്റർ വളഞ്ഞ വഴിയിലൂടെ നടപ്പാക്കാനുള്ള നീക്കമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്ന ആശങ്ക രാജ്യവ്യാപകമാണ്." എന്നത് ചേർക്കുക.

ഈ രീതിയിൽ ഘടനപരമായ ഒരു ചെറിയ മാറ്റം വരുത്തിയാൽ നന്നായിരിക്കുമെന്ന നിർദേശമാണുള്ളത്.

2. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ നാലാമത്തെ വരിയിലെ "ഇതേ പ്രക്രിയ കൊണ്ടുവരുന്നതിനെ നിഷ്കളങ്കമായി കാണാൻ കഴിയില്ല." എന്നതിനുപകരം "ഇതേ പ്രക്രിയ കൊണ്ടുവരുന്നതിനെ ഗൗരവമായാണ് നോക്കി കാണുന്നത്" എന്നത് ചേർക്കുക.

3. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ "കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്തുതന്നെ നടക്കാനിരിക്കയാണ്" എന്നതിനുപകരം " കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള" എന്നത് ചേർക്കുക.

4. പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ "ന്യൂനപക്ഷ സമുദായങ്ങൾ"

എന്നതിനുശേഷം " ദളിതർ" എന്നത് കൂട്ടിച്ചേർക്കുക.

ഇത് വളരെ സവിശേഷമായ, പ്രധാനപ്പെട്ടൊരു നിർദേശമാണിത്. അംഗങ്ങളെല്ലാം ഇവിടെ സൂചിപ്പിച്ചപോലെ മാർജിനലൈസ് ചെയ്യപ്പെട്ട എല്ലാ വിഭാഗത്തിന്റെയും ആവശ്യങ്ങൾ ഇതിലുൾക്കൊള്ളുമെന്ന് നിർബന്ധമുള്ളതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവന്നത്.

5. പ്രമേയത്തിലെ അവസാന ഖണ്ഡികയിലെ "മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽനിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർപ്പട്ടിക പുതുക്കൽ നടത്തണം എന്ന് ഈ നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു." എന്നതിനുപകരം " ഒരു പൗരന്റെ വോട്ടവകാശം എന്ന മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽനിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർപ്പട്ടിക പുതുക്കണമെന്ന് ഈ നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെടുന്നു." എന്നത് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ പ്രമേയത്തെ ബഹുമാന്യരായ അംഗങ്ങളെല്ലാം അനുകൂലിച്ചുവെന്നത് നല്ല കാര്യമാണ്. അതോടൊപ്പം പ്രമേയത്തെ ശക്തിപ്പെടുത്താനുള്ള അവരവരുടേതായ

നിർദേശങ്ങളാണ് ഇവിടെ സമർപ്പിച്ചിട്ടുള്ളത്. അവയിൽ താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിക്കാവുന്നതാണെന്നാണ് തോന്നുന്നത്. ശ്രീ. എൻ. ഷംസുദ്ദീൻ നോട്ടീസ് നൽകിയ രണ്ടാമത്തെ ഭേദഗതി നിർദേശത്തിൽ പറയുന്നത്, പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "തിരഞ്ഞെടുപ്പ് കമ്മീഷന്റെ" എന്നതിന് മുൻപ് "കേന്ദ്ര" എന്ന വാക്ക് കൂട്ടിചേർക്കുക എന്നാണ്. ആ ഭേദഗതി നിർദേശം അംഗീകരിക്കാം.

അതുപോലെ എട്ടാമത്തെ ഭേദഗതി നിർദേശത്തിൽ പറയുന്നത്, പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ പത്താമത്തെ വരിയിലെ "ന്യൂനപക്ഷ സമുദായങ്ങൾ" എന്നതിനുശേഷം "പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ" എന്നത് ചേർക്കുക എന്നാണ്. പ്രസ്തുത ഭേദഗതി നിർദേശവും അംഗീകരിക്കാം.

പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ "വോട്ടറാവൂ എന്നും നിഷ്കർഷയുണ്ട്." എന്നതിനുശേഷം "വോട്ടറാകുന്നതിനായി സമർപ്പിക്കേണ്ട അനുബന്ധ രേഖകളിൽ റേഷൻ കാർഡുപോലും ഉൾപ്പെടുത്തിയിട്ടില്ല" എന്നത് ചേർക്കുക എന്ന ഭേദഗതി നിർദേശമാണ് ബഹുമാന്യനായ പി. സി.

വിഷ്ണുനാഥ് അവതരിപ്പിച്ചത്. പ്രമേയത്തിന്റെ അവസാന ഭാഗത്ത് "മൗലികാവകാശത്തെ ഹനിക്കുന്ന ഇത്തരം നടപടികളിൽനിന്നും പിന്തിരിഞ്ഞ് തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യമായി വോട്ടർപ്പട്ടിക പുതുക്കൽ നടത്തണം" എന്ന് പറഞ്ഞതിൽ മേൽപ്പറഞ്ഞ ഭേദഗതിയുടെ സ്പിരിറ്റടക്കം ഉൾപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അത് പ്രത്യേകം പറയേണ്ടതിന്റെ ആവശ്യകതയില്ല. അതുപോലെ മറ്റ് അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതി നിർദേശങ്ങളും പ്രമേയത്തിന്റെ അന്തഃസത്തയിൽ ഉൾക്കൊണ്ടിട്ടുള്ളതാണ്. അതുകൊണ്ട് നേരത്തെ നിർദേശിച്ച ഭേദഗതികളോടുകൂടി പ്രമേയം അംഗീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1, 3, 4, 5, 6, 7, 9 എന്നീ ഭേദഗതികളും സർവ്വശ്രീ യു. എ. ലത്തീഫ്, പി. സി. വിഷ്ണുനാഥ്, കുറുക്കോളി മൊയ്തീൻ, ടി. വി. ഇബ്രാഹിം, നജീബ് കാന്തപുരം എന്നീ അംഗങ്ങൾ അവതരിപ്പിച്ച ദേദഗതികളും സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.